**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **28-07-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളിലെ ഗുണഭോക്തൃപട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്ഥാപനങ്ങളിലെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രൊജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്, ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് 29.01.2018ലെ സ.ഉ.(കൈ)നം.11/2018/ തസ്വഭവ ഖണ്ഡിക 11.3 പ്രകാരവും നഗര ഭരണ സ്ഥാപനങ്ങൾക്ക് 02/02/2018 ലെ സ.ഉ(കൈ)നം.17/2018/തസ്വഭവ ഖണ്ഡിക 11.3 പ്രകാരവും നടപടിക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇത് പ്രകാരം, അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും സമയവും നിശ്ചയിച്ച് എല്ലാവിധ പൊതു സാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്ത് വ്യാപക പ്രചാരണം നൽകണം. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം. അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം. അതിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം. അതിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് പത്ത് ദിവസത്തെ സമയം നൽകണം. അത് പ്രകാരം പരിഷ്കരിച്ച കരട് മുൻഗണനാ ലിസ്റ്റ്, അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ |

| | | | |
|---|---|---|---|
| | | | അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും അതിന്റെ മുൻഗണനാക്രമം മാറ്റാതെ തന്നെ ഭരണസമിതി അംഗീകാരം നൽകുന്നതുമാണ് നിലവിൽ അനുവർത്തിച്ചു വരുന്ന ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രീതി. |
| (ബി) | നിലവിൽ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ് സഭകളും വാർഡ് കമ്മിറ്റികളും കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ, 2020-21 ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടപടികളിൽ ഇളവനുവദിച്ചും പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചും 29/04/2020 ലെ സ.ഉ.(സാധാ) നം.794/2020/തസ്വഭവ, 04/08/2020 ലെ സ.ഉ.(സാധാ) നം.1450/2020/ തസ്വഭവ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 18/06/2021 ലെ സ.ഉ(സാധാ) നം.1169/2021/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആവർത്തന സ്വഭാവത്തിൽ നടപ്പാക്കി വരുന്ന നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കിക്കൊണ്ട് അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. താത്പര്യമില്ലാത്തവരെ അവരുടെ സമ്മതത്തോടെ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതും പുതുതായി താത്പര്യം പ്രകടിപ്പിക്കുന്നവരിൽ നിന്നും അർഹതാ മാനദണ്ഡം പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്. ആവർത്തന സ്വഭാവം ഇല്ലാത്ത, ഉല്പാദന-സേവന മേഖലകളിലെ പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്. ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർപേഴ്സൺ/ മേയർ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റി കരട് മുൻഗണനാ പട്ടിക തയ്യാറാക്കി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് ശുപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി യോഗം ചേർന്ന് പട്ടികകളുടെ അംഗീകാരം സംബന്ധിച്ച തീരുമാനമെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം വിഭാഗക്കാരെയാണ് ഇതിന് | (സി) | തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന എല്ലാ |

| | | | |
|---|---|---|---|
| | പരിഗണിക്കുന്നതെന്ന് അറിയിക്കാമോ? | | പദ്ധതികളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയും ഇതിന് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ